മുദ്രകൾ

# നവീന നയതന്ത്രത്തിന്റെ പെരുന്തച്ചൻ


അഹ്മദ് ദാവൂദ് ഓഗ്‌ലു

**'പ്രശ്നങ്ങൾ** പൂജ്യത്തിലെത്തിക്കുക.' ഇത് അഹ്മദ് ദാവൂദ് ഓഗ്‌ലുവിന്റെ പ്രയോഗമാണ്. ഓഗ്‌ലുവിനെ നേരത്തെ ഈ കോളത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. അന്നദ്ദേഹം തുർക്കി പ്രധാനമന്ത്രി ത്വയ്യിബ് ഉർദുഗാന്റെ മുഖ്യ രാഷ്ട്രീയ ഉപദേഷ്ടാവായിരുന്നു. ലോക രാഷ്ട്രീയത്തിൽ തുർക്കി നടത്തുന്ന സമർഥമായ നയതന്ത്ര നീക്കങ്ങളുടെ ശിൽപി. ഇന്നദ്ദേഹം തുർക്കിയുടെ വിദേശകാര്യമന്ത്രിയാണ്.

ഈയിടെ ഈജിപ്ത് സന്ദർശിച്ചപ്പോൾ, മധ്യപൗരസ്ത്യദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹം നിരവധി പ്രായോഗിക നിർദേശങ്ങൾ മുന്നോട്ടു വെച്ചു. ആദ്യം പ്രശ്നങ്ങളെ പൂജ്യത്തിലെത്തിക്കണം. ഇതിന് തുർക്കിതന്നെ മാതൃക. ചരിത്രപരമായ കാരണങ്ങളാൽ സൈപ്രസുകാരുമായും അർമീനിയക്കാരുമായും ഖുർദുകളുമായും നിതാന്ത ശത്രുതയിലായിരുന്നു തുർക്കി. പാരമ്പര്യത്തിന്റെ ഈ ഭാരം പുതിയ തലമുറ എന്തിന് ഏറ്റെടുക്കണം എന്നാണ് ഓഗ്‌ലു ചോദിക്കുന്നത്. ഇതെല്ലാം കുടഞ്ഞെറിഞ്ഞ് പാരമ്പര്യ ശത്രുക്കളിലേക്ക് പാലം പണിയാനുള്ള ഊർജിത ശ്രമത്തിലാണ് തുർക്കി. "നമുക്ക് എല്ലാം മാറ്റിയെഴുതാം. ചരിത്രവും ഭൂമിശാസ്ത്രവുമൊഴികെ. അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കടിച്ചുതൂങ്ങാതെ അവയെ പുതിയ സന്ദർഭത്തിൽ പുനർവായിക്കാനും വ്യാഖ്യാനിക്കാനുമാണ് ശ്രമിക്കേണ്ടത്." ഇതാണ് ഓഗ്‌ലു നയതന്ത്രത്തിന്റെ ഒരടിസ്ഥാനം.

ഇത് ഏറ്റവുമാദ്യം പ്രയോഗവത്കരിക്കേണ്ടത് അറബ് നാടുകളിലാണ്. അതിർത്തിത്തർക്കങ്ങളാണ് ഇവിടെയൊരു പ്രധാന പ്രശ്നം. പരസ്പരം നേരിൽ കാണുന്നത് ഒഴിവാക്കാൻ പൊതുവേദികളിൽനിന്ന് വിട്ടുനിൽക്കുന്ന അറബ് രാഷ്ട്രത്തലവന്മാർ ഇന്നുമുണ്ട്. യൂറോപ്പിലേക്ക് നോക്കാനാണ് ഓഗ്‌ലു ഇവരോട് ആവശ്യപ്പെടുന്നത്. എത്രയേറെ ശത്രുതയുണ്ടെങ്കിലും രാഷ്ട്ര നേതാക്കൾക്ക് ഒന്നിച്ചിരിക്കാൻ അവിടെ അത് തടസ്സമാവുന്നില്ല.

വിവിധ മതങ്ങളും ദേശീയതകളും ഒന്നിച്ചുപുലരുന്ന രാഷ്ട്രങ്ങളിൽ ബഹുസ്വരതയെ മാനി

ക്കുന്ന നയങ്ങൾക്ക് മാത്രമേ രാഷ്ട്രീയ സമാധാനം തിരിച്ചുകൊണ്ട് വരാനാവൂ എന്ന് ഉറച്ച് വിശ്വസിക്കുന്നു ഓഗ്‌ലു. "എല്ലാവരെയും യോജിപ്പിക്കുന്ന ഈ ബഹുസ്വരതയില്ലെങ്കിൽ ഇറാഖിനോ ലബ്നാനോ ഒരടി മുന്നോട്ട് പോകാനാവില്ല." പരസ്പരം പോരടിക്കുന്ന ഹമാസിനോടും ഫത്ഹിനോടും അദ്ദേഹത്തിന് പറയാനുള്ളതും മറ്റൊന്നല്ല. "ഫത്ഹ്-ഹമാസ് പ്രസ്ഥാനങ്ങൾ സമവായത്തിലെത്താതെ ഒരു ഫലസ്ത്വീൻ രാഷ്ട്രം സ്വപ്നം കാണുന്നത് വെറുതെ. ഹമാസ് ഒരു പോരാളി പ്രസ്ഥാനം എന്നതിൽ ഒതുങ്ങുന്നതിന് പകരം, ലോക രാഷ്ട്രീയത്തിൽ ഒരു മുഖ്യ റോളിൽ പ്രത്യക്ഷപ്പെടേണ്ട സമയം വൈകിയിരിക്കുന്നു."

തുർക്കി പ്രധാനമന്ത്രി ഉർദുഗാൻ ഏറെ വൈകാതെ തൽസ്ഥാനം ഒഴിയുമെന്നും പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുമെന്നും അഭ്യൂഹമുണ്ട്. നിലവിലുള്ള തുർക്കി പ്രസിഡന്റ് അബ്ദുല്ല ഗുൽ അപ്പോൾ എ.കെ പാർട്ടിയുടെ സാരഥ്യമേൽക്കും. അപ്പോൾ എ.കെ പാർട്ടിയുടെ അടുത്ത പ്രധാന മന്ത്രി ആരായിരിക്കും? അഹ്മദ് ദാവൂദ് ഓഗ്‌ലു. രാഷ്ട്രീയ നിരീക്ഷകർക്ക് അക്കാര്യത്തിൽ സംശയമേ ഇല്ല. ■

## *അൽ മുജ്തമഇന്* നാൽപത് വയസ്സ്

**ഗംഭീരമായി** തുടങ്ങി പെട്ടെന്ന് നിലച്ചുപോയ പത്രപ്രസിദ്ധീകരണങ്ങൾ നിരവധിയാണ് ഇസ്‌ലാമിക ലോകത്ത്. ഭരണകൂട സമ്മർദങ്ങളും സാമ്പത്തിക പ്രതിസന്ധിയുമൊക്കെയാണ് ഈ അകാല ചരമത്തിന് കാരണമാകാറ്. വേറിട്ട ഒരു ചിത്രം കാഴ്ചവെക്കുന്നു കുവൈത്തിൽ നിന്നിറങ്ങുന്ന *അൽ മുജ്തമഅ്* വാരിക. പ്രതിസന്ധികൾക്കിടയിലും ഈ വാരിക കഴിഞ്ഞ മാർച്ച് പതിനേഴിന് നാൽപത് വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. 1970 മാർച്ച് 17-നാണ് *അൽ മുജ്തമഅ്* ആരംഭിച്ചത്. സദ്ദാം ഹുസൈന്റെ കുവൈത്ത് അധിനിവേശക്കാലത്ത് മാത്രമാണ് ഏതാനും ലക്കങ്ങൾ മുടങ്ങിയത്.


*മുജ്തമഇന്റെ* ഒരു പഴയ ലക്കം

മുസ്‌ലിം ലോക പ്രശ്നങ്ങളെയും ഇസ്‌ലാമിക ചലനങ്ങളെയും സമഗ്രമായി അവലോകനം ചെയ്യുന്നതിനാണ് വാരിക തുടങ്ങുന്നതെന്ന് ആദ്യ ലക്കത്തിന്റെ മുഖക്കുറിപ്പിൽ പറയുന്നുണ്ട്. എന്തൊക്കെ പരിമിതികളുണ്ടെങ്കിലും ഈ ദൗത്യം വാരിക ഭംഗിയായി നിറവേറ്റി എന്നതിന് നാൽപത് വർഷത്തിനകം പുറത്തിറങ്ങിയ അതിന്റെ 1894 ലക്കങ്ങൾ തെളിവാണ്. മുസ്‌ലിം ലോകത്തെക്കുറിച്ച് സമഗ്ര ചിത്രം നൽകുന്ന ഇതുപോലൊരു പ്രസിദ്ധീകരണം അറബിയിലോ മറ്റു ഭാഷകളിലോ ഇന്ന് നിലവിലില്ല എന്നതാണ് സത്യം.

നാൽപത് വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ലോകത്തെ വിവിധ ഇസ്‌ലാമിക കേന്ദ്രങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വാരിക സൗജന്യമായി എത്തിക്കാൻ ഒരു പ്രോജക്ട് തയാറാക്കിയിട്ടുണ്ട്. പതിനായിരം കോപ്പികളാണ് ഇങ്ങനെ സൗജന്യമായി അയക്കുക. 'കിതാബുൽ മുജ്തമഅ്' എന്ന പേരിൽ പുസ്തക പ്രസിദ്ധീകരണവും തുടങ്ങിയിട്ടുണ്ട്. മൗലാനാ മൗദൂദിയുടെ മകൾ ഹുമൈറാഅ് മൗദൂദി പിതാവിനെക്കുറിച്ചെഴുതിയ 'മൗലാനാ മൗദൂദി- ജീവിതവും പ്രയാണവും', ഫലസ്ത്വീൻ വിമോചനപ്പോരാളികളിൽ പ്രമുഖനായ റാഇദ് സ്വലാഹിന്റെ ഓർമക്കുറിപ്പുകൾ തുടങ്ങിയവയാണ് ആദ്യ പുസ്തകങ്ങൾ. ന്യൂസ് പോർട്ടൽ സ്വഭാവത്തിലുള്ള പുതിയൊരു സൈറ്റും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട് (www.magmj.com). ഇതിന് ഇരുപതിനായിരം കുവൈത്തി ദീനാർ വാർഷികച്ചെലവ് പ്രതീക്ഷിക്കുന്നു. ■

## 'ആഗോളവത്കരണ കാലത്തെ ഇസ്‌ലാമിക ചാനലുകൾ'

**ഈ** വിഷയത്തിലുള്ള ഗവേഷണ പ്രബന്ധത്തിന് അമേരിക്കയിലെ പ്രശസ്തമായ കൊളംബോ


സയ്യിദ് സലാമ

യൂനിവേഴ്സിറ്റി സയ്യിദ് സലാമ എന്ന ഗവേഷകന് ഡോക്ടറേറ്റ് നൽകിയിരിക്കുന്നു. മികവുറ്റത് എന്ന പ്രശംസയും പ്രബന്ധത്തിന് ലഭിച്ചു. ഇസ്‌ലാമിക ചാനലുകളുടെ ഉത്ഭവം, പരിണാമം, അറബി-ഇസ്‌ലാമിക സമൂഹങ്ങളുടെ മേൽ അവ ചെലുത്തുന്ന സ്വാധീനം- ഇത്രയുമാണ് പഠന പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇസ്‌ലാമിക ചാനലുകൾ ശൈശവാവസ്ഥയിലാണെന്നും പരാധീനതകൾ ധാരാളമുണ്ടെന്നും ഗവേഷകന് നല്ല ബോധ്യമുണ്ട്. പ്രത്യേകിച്ച് മറ്റു ചാനലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ. 'മുയലുകളുടെ യുഗത്തിലെ ആമകൾ' എന്ന് ഓട്ടത്തിൽ പിറകിലായിപ്പോയ ഈ ചാനലുകളെ അദ്ദേഹം കളിയാക്കുന്നുമുണ്ട്.

സാങ്കേതിക മികവിൽ പിറകിലാണെന്ന് കരുതി ഈ ചാനലുകളെ എഴുതിത്തള്ളാൻ വരട്ടെ. അധാർമികതകളെ ചെറുക്കുന്നതിലും യുവാക്കളിൽ ഇസ്‌ലാമിക ബോധം സൃഷ്ടിക്കുന്നതിലും വലിയ പങ്കാണ് ഈ ചാനലുകൾ വഹിച്ചുകൊണ്ടിരിക്കുന്നത്. ഇത് ശത്രുക്കൾ തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. തെൽഅവീവ് യൂനിവേഴ്സിറ്റി നടത്തിയ ഒരു പഠനം ഗവേഷകൻ തെളിവായി ഉദ്ധരിക്കുന്നു. മുസ്‌ലിം യുവാക്കളെ മതവത്കരിക്കുന്നതിൽ ഏറ്റവുമധികം പങ്ക് വഹിക്കുന്ന മാധ്യമങ്ങളിലൊന്ന് ഈ ചാനലുകളാണെന്ന് പഠനത്തിൽ എടുത്തുപറയുന്നു. *അൽമജ്ദ്*, *അർരിസാല*, *ഇഖ്റഅ്* എന്നിവയാണ് പ്രധാന ഇസ്‌ലാമിക ചാനലുകൾ. ഇവയുടെ സ്വാധീനം കൊണ്ട് കൂടിയാണ് 75 ശതമാനം ഈജിപ്ഷ്യൻ സ്ത്രീകൾ ഹിജാബ് തെരഞ്ഞെടുക്കാനും 60 ശതമാനം യുവാക്കൾ തങ്ങളുടെ യാത്രാ ബാഗുകളിൽ ഖുർആൻ കൊണ്ട് നടക്കാനും കാരണമായതെന്ന് പഠനത്തിൽ വെളിപ്പെടുത്തുന്നു.

ഫണ്ട് കണ്ടെത്തുക എന്നതുതന്നെയാണ് ഇസ്‌ലാമിക ചാനലുകൾ നേരിടുന്ന വലിയ പ്രശ്നം. പണക്കമ്മി പ്രോഗ്രാമുകളുടെ സാങ്കേതിക മികവിനെ കാര്യമായി ബാധിക്കുന്നു. വളരെ ജനകീയമായ ഒരു ടെലിവിഷൻ പരിപാടിയാണ് 'സ്റ്റാർ അക്കാദമി'. ആഴ്ചയിലൊരിക്കലാണ് സംപ്രേഷണം. ഇതിന്റെ ഒരു എപിസോഡ് നിർമിക്കാനുള്ള പണമുണ്ടെങ്കിൽ, ഒരു ഇസ്‌ലാമിക ചാനൽ ഒരു വർഷം മുഴുവനായി നടത്തിക്കൊണ്ട് പോകാം എന്നാണ് സയ്യിദ് സലാമ പറയുന്നത്! പ്രോഗ്രാമുകളുടെ സാങ്കേതിക മികവ് അപ്പോൾ ഊഹിക്കാമല്ലോ.

ഇസ്‌ലാമിക ചാനലുകൾ എങ്ങനെ കാര്യക്ഷമമായി നടത്താം എന്നതിനെക്കുറിച്ച് കുറെ മാർഗനിർദേശങ്ങളും പ്രബന്ധത്തിന്റെ ഒടുവിൽ നൽകുന്നുണ്ട്. ■